# 'ദൈവത്തെ രുചിച്ചറിയുക'

## സങ്കീർത്തനങ്ങൾ 34:8

''യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ, അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ.''

'സമാധാനം' എന്തെന്ന് അനുഭവിക്കാൻ കഴിയാത്ത ഒരു ലോകത്തിന്റെ മധ്യത്തിൽ നാം ആയിരിക്കുന്നുവല്ലോ. ഒരു വശത്തു മനുഷ്യൻ ഒരല്പം ആശ്വാസത്തിനായി, സമാധാനത്തിനായി അലയുന്നു, കൺവെൻഷനും ഉപവാസപ്രാർത്ഥനയും ഉണർവ്വു യോഗങ്ങളുടെയും ഒരു സമൃദ്ധി തന്നെ ദർശിക്കാൻ പറ്റുന്ന സാഹചര്യം മറുവശത്തും. എന്നാൽ ഈ ഓട്ടത്തിനിടയിലും ദൈവത്തെ വാസ്തവമായും രുചിച്ചറിയാൻ സാധിക്കുന്നുണ്ടോ?

പലവിധമായ സംഘർഷങ്ങളിൽ നിന്നും തലയൂരാൻ മാത്രമായി ആത്മീയയോഗങ്ങളും പ്രാർത്ഥനകളും ഏറെക്കുറെ മാറ്റപ്പെടുന്ന അനുഭവം ആണ് ഇന്ന് കാണാൻ കഴിയുന്നത്. ദൈവത്തെ, അവിടുത്തെ സാന്ത്വനത്തെ അനുഭവിക്കാൻ കഴിയുന്നില്ല എങ്കിൽ നമുക്ക് ദൈവസഹായം ലഭിക്കുന്നുണ്ടെന്ന് എങ്ങനെ തിരിച്ചറിയാനും, വിശ്വസിക്കാനും കഴിയും. ഈ ഒരു സാഹചര്യത്തിൽ അവൻ നല്ലവനെന്ന് എങ്ങനെ തിരിച്ചറിയും. അത് സാധിക്കുന്നില്ലെങ്കിൽ നാം എത്ര ഉയർന്നവരാണെങ്കിലും ആത്മീയ ദുരന്തമായി തീരും.

ദൈവം സ്നേഹമാണെന്ന അറിവ് നമുക്കുണ്ട്. അവൻ സ്നേഹമാണെങ്കിൽ ദിനം തോറും ഈ സ്നേഹം എന്നെ പൊതിഞ്ഞിരിക്കുന്നു എന്ന യാഥാർത്ഥ്യം സ്വയം തിരിച്ചറിയണം. സ്നേഹം എല്ലാവരും മതിവരാതെ അനുഭവിക്കാൻ കൊതിക്കുന്ന ഒരു സത്യം തന്നെയാകുന്നു. ഒരു ഭക്ഷണം ഇഷ്ടപ്പെട്ടാൽ വീണ്ടും വീണ്ടും രുചിച്ചു നോക്കാൻ നാം താല്പര്യപ്പെടും. ഇഷ്ടം കൂടുന്തോറും അധികമായി രുചിച്ചു നോക്കും. അതുപോലെ തന്നെ ഒരു ഗ്ലാസ്സിൽ നിറമില്ലാതെ വെള്ളമിരുന്നാൽ കുടിച്ച് നോക്കാതെ ഏതുതരം ദ്രാവകമാണെന്ന് എങ്ങനെ അറിയാൻ കഴിയും. രുചിച്ചു നോക്കുന്ന മാത്രയിൽ അത് മധുരമോ കയ്പോ എന്ന് തിരിച്ചറിയും. രുചിച്ചു നോക്കുന്നതിനു മുമ്പ് വാചാലമായി അതിനെക്കുറിച്ച് സംസാരിക്കാൻ കഴിയും. ഇത് തന്നെയാണ് അനുഭവങ്ങൾ ഇല്ലാത്ത ദൈവഭക്തിയുടെയും അവസ്ഥ.

വിശ്വാസം, ദൈവസ്നേഹം ഇവയൊക്കെ രുചിച്ചറിഞ്ഞാലേ ആന്തരികമായ ഹൃദയത്തിന്റെ രൂപാന്തരണത്തിനും പുതുക്കത്തിനും ഇടയാകൂ. ഇല്ലെങ്കിൽ ഉപരിപ്ലവമായ ഒരു

അനുഭൂതി മാത്രമേ പ്രാർത്ഥനയിലൂടെയും ആരാധനയിലൂടെയും ലഭിക്കുകയുള്ളു. അങ്ങനെ ദൈവത്തെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അനുഭവിച്ചറിഞ്ഞതു കൊണ്ടാണ് ദാവീദിന് ഇപ്രകാരം പറയാൻ കഴിഞ്ഞത്. അതെ യഹോവ നല്ലവനാണ്. അവനെ രുചിച്ചു തന്നെ അറിയണം. ദൈവവചനത്തെ, ദൈവവേഷ്ടത്തേ ആത്മാവിൽ വിവേചിച്ച് അറിഞ്ഞുകൊണ്ട് ഓരോ ദൈവികാനുഭവങ്ങളും ജീവിതത്തിലെ ഓരോ പാഠ ങ്ങളാക്കി ദാവിദിനെപ്പോലെ നമുക്കും ആയിരിക്കാം. ഭക്ഷണത്തിന്റെ സ്വാദ് തിരിച്ചറിയാൻ കഴിയാതെ ഇന്ന് അനേകർ നമുക്കു ചുറ്റും ഉണ്ട്. അത് പലവിധമായ രോഗങ്ങളോ ബലഹീനതകളോ കൊണ്ടാകാം. എന്നാൽ നാവിനോ ശരീരത്തിനോ ബലമില്ലാത്തവർ എങ്കിലും ഏതുതരം ആഹാരത്തെയും വേർതിരിച്ച് അനുഭവിക്കാനും, ആസ്വദിക്കാനും പലർക്കും കഴിയും. അത് ദൈവകൃപ മാത്രം.

ഇന്ന് മധുരവും കയ്പും തിരിച്ചറിയുവാൻ നാവിൻ ഗ്രന്ഥികൾക്കുള്ളതു പോലെ ആതാമാവാകുന്ന ശക്തി നമുക്ക് ദാനമായി കർത്താവ് നല്കിയിരുന്നു. ആത്മബലത്തോടെ പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൽ ദൈവത്തെ രുചിച്ചറിഞ്ഞ് ജീവിക്കാൻ കർതൃകരങ്ങ ളിൽ പൂർണ്ണമായി നല്കാം. ലോകത്തെ രുചിക്കാൻ പുറപ്പെട്ടാൽ തീർച്ചയായും നാശത്തി ലേക്കുള്ള ഓട്ടമാകും. ലോകത്തെയും, ജഡത്തെയും, അവന്റെ താല്പര്യങ്ങളെയും രുചിച്ചു നോക്കാൻ അല്പം പോലും ഇടയാകരുതേ എന്ന പ്രാർത്ഥനയോടെ, നല്ലവനായ ദൈവത്തെ മാത്രം രുചിച്ചറിഞ്ഞ് ജീവിക്കാൻ ഇടയാകട്ടെ.

പരാമർശം :
യോഹന്നാൻ 3:16
തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നലകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 083**